I ഇ.ബി. XIV-കേരള നിയമസഭ/XVI-13

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സുരക്ഷാവീഴ്ച

മി. സ്പീക്കർ: പോലീസിൽ മൊബൈൽ ആപ്ലിക്കേഷൻ കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാനത്തെ ജനങ്ങളുടെ കേസുകളുമായി ബന്ധപ്പെട്ട അതീവരഹസ്യ സ്വഭാവമുള്ള വിവരങ്ങൾ കൈകാര്യം ചെയ്യുന്ന ഡാറ്റാബേസിൽ ഊരാളുങ്കൽ സൊസൈറ്റിക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം

അനുവദിച്ചതുമൂലം ഉളവായിട്ടുള്ള സുരക്ഷാവീഴ്ച സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനങ്ങൾക്ക് വിവിധ സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും എത്തിക്കുന്നതിന്റെ ഭാഗമായാണ് പാസ്പോർട്ടുമായി ബന്ധപ്പെട്ട പോലീസ് വെരിഫിക്കേഷൻ പൂർണ്ണമായും സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചത്. നിലവിലുള്ള ഡാറ്റാബേസുകളിൽനിന്ന് ശേഖരിക്കുന്ന വിവരം വിശകലനം ചെയ്യാൻ സാധിക്കുന്നതിനാൽ ഡാറ്റാബേസിന്റെ ഉടമസ്ഥതയോ വിശദാംശങ്ങളോ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതില്ല. ആയതിനാൽ യാതൊരു രീതിയിലുള്ള സുരക്ഷാ പ്രശ്നങ്ങളും ഇതിൽ വരുന്നില്ല. സൈബർ സെക്യൂരിറ്റി ഓഡിറ്റിംഗ് പൂർത്തിയായാൽ മാത്രമേ ഈ സോഫ്റ്റ്‌വെയർ വിന്യസിക്കാനോ സർക്കാർ ഡാറ്റാ സെന്ററിൽ ലഭ്യമാക്കാനോ അനുമതി നൽകുകയുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആശങ്കയ്ക്ക് വകയില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സംസ്ഥാനത്ത് പാസ്പോർട്ട് അപേക്ഷാ പരിശോധനയുടെ ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിനുള്ള കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയതിന്റെ ഭാഗമായി പോലീസ് കേസുകളുമായി ബന്ധപ്പെട്ട രഹസ്യസ്വഭാവമുള്ള രേഖകൾ കൈമാറുന്നത്  ശരിയായ നടപടിയല്ല. ഏഴ് ദിവസത്തിനുള്ളിൽ പാസ്പോർട്ട് വെരിഫിക്കേഷൻ നടത്താൻ സാധിക്കുമെന്നിരിക്കെ ബ്ലോക്ക് ചെയിൻ ടെക്നോളജി ഉപയോഗിച്ച് പുതിയൊരു സിസ്റ്റം നിർമ്മിക്കാൻ ടെണ്ടർ നടപടികളില്ലാതെ പ്രോജക്ട് നൽകിയിരിക്കുന്നത് ദുരൂഹമാണ്. ഊരാളുങ്കൽ കമ്പനിക്ക് ടെണ്ടറില്ലാതെ പ്രോജക്ട് കൊടുക്കാൻ കഴിയുന്നത് കൺസ്ട്രക്ഷൻ പർപ്പസിനുമാത്രമാണ്. കേരള നിയമസഭയുടെ പേപ്പർലെസ് ഡിജിറ്റൽ അസംബ്ലി വർക്കുൾപ്പെടെ കേരളത്തിലെ പല പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കാത്ത ഊരാളുങ്കൽ ടെക്നിക്കൽ സൊല്യൂഷൻസ് എന്ന കമ്പനിക്ക് ടെണ്ടറില്ലാതെ ഈ പ്രോജക്ട് കൊടുത്തിരിക്കുന്നത് അഴിമതിക്ക് കാരണമാകും. ആഭ്യന്തര വകുപ്പിന്റെ സി.സി.ടി.എൻ.എസ്. പ്രോജക്ട്  ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ നടപടി പിൻവലിക്കുകയും ഈ

വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാസ്പോർട്ട് വെരിഫിക്കേഷൻ അഴിമതിരഹിതമായും വേഗത്തിലും നടപ്പിലാക്കാനുള്ള ആപ്ലിക്കേഷൻ തയ്യാറാക്കാനാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയത്. പാസ്പോർട്ട് അപേക്ഷകർ ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന പരിശോധന മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കാനുദ്ദേശിക്കുന്നത്. നിലവിൽ 1000 പാസ്പോർട്ട് അപേക്ഷകളുടെ വെരിഫിക്കേഷനുവേണ്ടി മാത്രമാണ് ഡാറ്റാബേസിൽ പ്രവേശനാനുമതി നൽകിയിട്ടുള്ളത്. കേരള പോലീസ് ഒഴികെ മറ്റാരെങ്കിലുമായി ഡാറ്റ പങ്കുവച്ചാൽ നിയമനടപടി സ്വീകരിക്കുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സൊസൈറ്റിക്ക് ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഇതുവരെ പ്രതിഫലം നൽകിയിട്ടില്ല. പോലീസ് വകുപ്പിലെ രഹസ്യങ്ങൾ സംരക്ഷിക്കാനും സുരക്ഷ ഉറപ്പാക്കാനുമുള്ള ഇടപെടലുകളാണ് നടത്തുന്നത്. നിലവിൽ പാസ്പോർട്ട് സംബന്ധിച്ച് സ്വകാര്യ കമ്പനിയുമായുള്ള നോൺ-ഡിസ്ക്ലോഷർ എഗ്രിമെന്റ് മാതൃക ഈ പദ്ധതിയിൽ പിന്തുടരാനും ഡാറ്റ സുരക്ഷ ഉറപ്പാക്കാൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാനും നിർദ്ദേശം നൽകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കഞ്ചിക്കോട് വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. കെ. ശശി: ജി.എസ്.ടി.-യുടെ ഭാഗമായി 18 ശതമാനംവരെ നികുതി കൊടുക്കേണ്ടിവരുന്നതിനാൽ കഞ്ചിക്കോട് ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടുകയും തൊഴിലാളികൾ തൊഴിൽരഹിതരായി മാറുകയും ചെയ്തിരിക്കുകയാണ്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി സ്റ്റീൽ, സിമന്റ് വ്യവസായങ്ങളെ തകർത്തിരിക്കുകയാണ്. സംസ്ഥാനത്തിനാവശ്യമായ

സിമന്റ് മലബാർ സിമന്റ്സ് ലിമിറ്റഡിൽനിന്നും വാങ്ങുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിനും കഞ്ചിക്കോട് വ്യവസായ മേഖലയിലെ സ്ഥാപനങ്ങളുടെ പ്രതിസന്ധി മറികടക്കാൻ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കഞ്ചിക്കോട് വ്യവസായ മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ കീഴിലുള്ള 411 വ്യവസായ യൂണിറ്റുകളിലായി ഏകദേശം 16250 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങളെ ഫലപ്രദമായ ഇടപെടലിലൂടെ അവിടെത്തന്നെ നിലനിർത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് നവീകരിക്കേണ്ടതും വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതുമുണ്ട്. പ്രവർത്തനരഹിതമായ വ്യവസായ സ്ഥാപനങ്ങളുടെ ഭൂമി ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് നൽകാനുള്ള നടപടി ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായങ്ങൾ നിലനിർത്തുന്നതിന് പ്രത്യേക പരിഗണനകളും ആനുകൂല്യങ്ങളും നൽകി സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിക്കുന്ന കാര്യം വിശദമായ പഠനത്തിന് വിധേയമാക്കുന്നതാണ്.

(2) മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർക്കുന്നതിനെതിരെ നടപടി

ശ്രീ. എൻ. ഷംസുദ്ദീൻ: മാരക രാസവസ്തുക്കൾ കലർത്തിയ മത്സ്യങ്ങളുടെ വിപണനം തടയുന്നതിനും ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന മത്സ്യങ്ങൾ പരിശോധിക്കുന്നതിനും കൂടുതൽ പേപ്പർ സ്ട്രിപ്പ് ഉത്പാദിപ്പിക്കാനും ഫോർമാലിൻ ഡിറ്റക്ഷൻ കിറ്റ് വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാനത്ത് ലഭിക്കുന്ന മത്സ്യത്തിൽ മാരക രാസവസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് 'ഓപ്പറേഷൻ സാഗർ റാണി' എന്ന പരിപാടി പ്രഖ്യാപിക്കുകയും എല്ലാ മത്സ്യ വിപണനകേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലും കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ

നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക്ക് പോസ്റ്റുകൾ, ലേല മാർക്കറ്റുകൾ, മൊത്ത വിപണന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും രാസവസ്തുക്കൾ കലർന്നതോ കേടായതോ ആയ മത്സ്യം കണ്ടെത്തിയാൽ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. മത്സ്യത്തിലെ ഫോർമാലിന്റെ അംശം കണ്ടെത്താനുള്ള പേപ്പർ സ്ട്രിപ്പ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തമാക്കാൻ 95 ഫുഡ് സേഫ്റ്റി ഓഫീസർമാരെ പി.എസ്.സി. മുഖേന നിയമിക്കുകയും 114 പേർക്ക് പരിശീലനം നൽകി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

## III സബ്മിഷൻ

### (1) <u>കിഫ്ബിയിലെ സി.&എ.ജി. ഓഡിറ്റ്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കിഫ്ബിയുടെ പ്രവർത്തനങ്ങൾ സി.&എ.ജി. ഓഡിറ്റിന് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സി.&എ.ജി.യുടെ കടമകളും അധികാരങ്ങളും സേവന വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ടിലെ സെക്ഷൻ 14(1) പ്രകാരം കിഫ്ബിയുടെ ധനപരമായ ഇടപാടുകളിൽ സമഗ്ര പരിശോധന നടത്താവുന്നതാണ്. പ്രസ്തുത വകുപ്പിൽ പരാമർശിച്ചിരിക്കുന്ന വരുമാന പരിധി കഴിഞ്ഞാൽ സമഗ്ര ഓഡിറ്റ് നടത്താൻ സർക്കാർ തയ്യാറാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ മാത്രമേ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. കിഫ്ബിയുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ യഥാസമയം ചർച്ച ചെയ്യപ്പെടുന്നതും സി.&എ.ജി. റിപ്പോർട്ട് പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി പരിശോധിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കുന്നതുമാണ്.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) പ്രളയ നഷ്ടപരിഹാരം

ശ്രീ. സജി ചെറിയാൻ: ചെറുകിട കച്ചവടക്കാർക്കും വ്യവസായ സ്ഥാപനങ്ങൾക്കും 'ഉജ്ജീവന' പദ്ധതിപ്രകാരം വായ്പ അനുവദിക്കുന്നതിനും

പ്രളയനഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 'ഉജ്ജീവന' പദ്ധതിപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ താലൂക്ക് തലത്തിൽ ബാങ്ക് മാനേജർമാരുടെയും സംരംഭകരുടെയും യോഗം വിളിച്ചുചേർത്ത് വായ്പ അനുവദിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 82 അപേക്ഷകളിന്മേൽ വായ്പ അനുവദിക്കുകയും 97 അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുകയും 28 എണ്ണം വിവിധ ബാങ്കുകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. സിബിൽ സ്കോർ തൃപ്തികരമല്ലെന്ന കാരണത്താൽ നിഷേധിച്ച വായ്പയിന്മേൽ പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും 27 യൂണിറ്റുകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

### (3) കോം ട്രസ്റ്റ് വീവിംഗ് ഫാക്ടറി

ഡോ. എം. കെ. മുനീർ: കോം ട്രസ്റ്റ് വീവിംഗ് ഫാക്ടറി പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിനും തൊഴിലാളികൾക്ക് ജോലിയും വേതനവും നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: കോം ട്രസ്റ്റ് വീവിംഗ് ഫാക്ടറിയിലെ

തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് സമരം ഒത്തുതീർപ്പാക്കുന്നതിനും സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 254 തൊഴിലാളികളുണ്ടായിരുന്ന കോം ട്രസ്റ്റ് ഫാക്ടറി പലവിധ കാരണങ്ങളാൽ നഷ്ടത്തിലായതിനെത്തുടർന്ന് തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. തൊഴിലാളി സംഘടനകളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വോളന്ററി റിട്ടയർമെന്റ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഭൂരിപക്ഷം തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോകുകയും ചെയ്തിട്ടുണ്ട്. സമാശ്വാസ വേതനമെന്ന നിലയിൽ നിലവിലുള്ള തൊഴിലാളികൾക്ക് പ്രതിമാസം 5,000 രൂപ വീതം കെ.എസ്.ഐ.ഡി.സി. നൽകിവന്നിരുന്നത് 2016 ആഗസ്റ്റ് മാസം മുതൽ നിർത്തിവച്ചതിനാൽ തൊഴിലാളികൾ ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിനെത്തുടർന്ന് പ്രസ്തുത തുക നൽകിവരികയുമാണ്. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി കോം ട്രസ്റ്റ് ഫാക്ടറിയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

(4) ഭൂപരിഷ്കരണ നിയമം

ശ്രീ. പി. സി. ജോർജ്: റവന്യൂ രേഖകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയ വസ്തു ഭാഗം ചെയ്ത് നൽകുമ്പോൾ പുരയിടമെന്ന് രേഖപ്പെടുത്തി പട്ടയം ലഭ്യമാക്കുന്നതിന് ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തോട്ടം എന്ന നിർവ്വചനത്തിൽ വരുന്ന ഭൂമി ഭാഗം ചെയ്ത് നൽകുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കോട്ടയം ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയും അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ 7 (ഇ), 81 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

(5) വാമനപുരം ഇറിഗേഷൻ പ്രോജക്ട്

ശ്രീ. സി. ദിവാകരൻ: വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള ഭൂമിയിൽ ടൂറിസം മോട്ടൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള ഭൂമിയിൽ ടൂറിസം മോട്ടൽ സ്ഥാപിക്കുന്നതുമായി

ബന്ധപ്പെട്ട് 1.53 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ഇറിഗേഷൻ വകുപ്പിനുകൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ എഗ്രിമെന്റിൽ വ്യക്തത വരുത്തി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (2)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(6) മലയോരപ്രദേശങ്ങളിലെ യാത്രാക്ലേശം

ശ്രീ. ഐ. ബി. സതീഷ്: കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ പുന:സ്ഥാപിച്ച് കാട്ടാക്കട മലയോര പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാട്ടാക്കട ഡിപ്പോയിൽനിന്നും നിർത്തലാക്കിയിരുന്ന കൊറ്റംപള്ളി, കാട്ടാക്കട-കീഴാറൂർ സർവ്വീസുകൾ പുനരാരംഭിക്കുകയും കാട്ടാക്കട-കുരുതംകോട് സർവ്വീസ് മൂന്നാറ്റുമുക്ക്-ഒറ്റശേഖരമംഗലം വരെയും കാട്ടാക്കട-മെഡിക്കൽ കോളേജ് ഫാസ്റ്റ് പാസഞ്ചർ ആറ്റിങ്ങൽ വരെയും സർവ്വീസ് നീട്ടിയിട്ടുണ്ട്. സമീപ ഡിപ്പോകളിൽനിന്നും കാട്ടാക്കട ഡിപ്പോയിൽ കൃത്യമായ ഇടവേളകളിൽ

ചെയിൻ സർവ്വീസ് നടത്തുന്നുണ്ട്. പാപ്പനംകോട് ഡിപ്പോയിൽനിന്നും നിർത്തിവച്ചിരുന്ന സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽനിന്നും കാട്ടാക്കട മണ്ഡലത്തിലേയ്ക്കുണ്ടായിരുന്നതും താൽക്കാലികമായി നിർത്തിവച്ചിരുന്നതുമായ ഏതാനും സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ ട്രിപ്പുകൾ നിലനിർത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

## (7) വിദ്യാഭ്യാസ വായ്പ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധി നേരിടുന്ന വിദ്യാർത്ഥികളെ വായ്പാ തിരിച്ചടവിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 2016-നുശേഷം നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യുന്ന 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ 60 ശതമാനം തുക സർക്കാർ

നൽകുന്നതാണ്. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്കുകൾ തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടമോ അസുഖമോമൂലം മരണപ്പെട്ട വിദ്യാർത്ഥികളുടെ 31-03-2016-നകം എടുത്ത വായ്പയുടെ മുഴുവൻ തുകയും സർക്കാർ വഹിക്കുന്നതാണ്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിന്മേലുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി രൂപീകരിച്ച പോർട്ടൽവഴി 2018 വരെ എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച അപേക്ഷകളിന്മേൽ 195.57 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### (8) <u>അപ്രോച്ച് റോഡ് നവീകരണം</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: തിരൂർ സമാന്തര റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: തിരൂർ സമാന്തര റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ്

നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിന് 2.9 കോടി രൂപയുടെ പദ്ധതി ഉൾപ്പെടെ 14 റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് വെള്ളപ്പൊക്ക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(9) വാർഷിക പദ്ധതി നിർവ്വഹണം

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വീഴ്ച പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് അലോക്കേഷനായി അനുവദിച്ച തുക പദ്ധതിച്ചെലവിനായി വിനിയോഗിച്ചതിലുണ്ടായ വീഴ്ച പരിശോധിച്ചിട്ടുണ്ട്. 2.64 കോടി രൂപയുടെ ബില്ലുകൾ ഇപ്പോൾ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റ്

അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം ക്ലിയറൻസ് വേണ്ടിവരുന്നതിനാൽ ചെലവിനത്തിൽ വന്നിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുന്നതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) കോഴി കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. ജോർജ് എം. തോമസ്: കോഴി കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രളയത്തിൽ കോഴികൾ നഷ്ടപ്പെട്ട കർഷകർക്ക് കോഴി ഒന്നിന് 50 രൂപ നിരക്കിൽ പരമാവധി 5,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. 100 കോഴികളിൽ കൂടുതൽ വളർത്തുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. മലിനീകരണ പ്രശ്നമുണ്ടായാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. മലിനീകരണ നിയന്ത്രണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വളക്കുഴി നിർമ്മാണത്തിന് 12,500 രൂപ സബ്സിഡി നൽകുന്ന പദ്ധതി മൃഗസംരക്ഷണ

വകുപ്പ് നടപ്പാക്കിവരുന്നു.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-1 (ചട്ടം 236 (5)), ലിസ്റ്റ്-2 (ചട്ടം 236 (6)) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി എട്ട് മുതൽ നൂറ്റിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം. കെ. മുനീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ സർക്കാർ വിഹിതം ഒരു ശതമാനത്തിൽ പരിമിതപ്പെടുത്തുകയും ഭാവിയിൽ കിഫ്ബി നൽകുന്ന ഡിവിഡന്റിൽ കുറവു വന്നാൽ നികത്തുമെന്ന ഉറപ്പ് നൽകാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. നിക്ഷേപത്തുക പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കുന്നതിനും നിക്ഷേപകൻ മരണപ്പെട്ടാൽ തുക അവകാശിക്ക് ലഭ്യമാക്കുന്നതിനുമുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. പ്രവാസി

കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും മലബാറിൽ മേഖലാ ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവാസി പുനരധിവാസ പദ്ധതി മുഖേനയുള്ള വായ്പകൾ അനുവദിക്കുന്നതിലുള്ള ബാങ്കുകളുടെ സമീപനം തിരുത്തപ്പെടണം. പ്രവാസി പുനരധിവാസ പദ്ധതി പൈലറ്റ് പ്രോജക്ടെന്നുള്ള രീതിയിൽ ഒരു ജില്ലയിൽ സമ്പൂർണ്ണമായി നടപ്പാക്കണം. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ആരോഗ്യ പദ്ധതി നടപ്പിലാക്കാനും വരുന്ന തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ട് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രവാസികളുടെ ജീവിതസുരക്ഷ ഉറപ്പാക്കുന്ന പ്രവാസി ഡിവിഡന്റ് പദ്ധതി സ്വാഗതാർഹമാണ്. പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കണം. പ്രവാസി ക്ഷേമനിധി ബോർഡിനെ ശക്തിപ്പെടുത്താൻ പ്രവാസി ലോട്ടറി ആരംഭിക്കണം.

ശ്രീ. വി. ഡി. സതീശൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ പ്രശ്നങ്ങളിൽപ്പെട്ട് വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികളെ മോചിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. നിക്ഷേപകന് പ്രയോജനം ലഭിക്കത്തക്കരീതിയിൽ ഡിവിഡന്റ് പദ്ധതി പുനരാവിഷ്കരിക്കുകയും ബില്ലിലെ 14-ാം വകുപ്പ് സംബന്ധിച്ച് വ്യക്തത വരുത്തുകയും വേണം. വിദേശരാജ്യങ്ങളിൽനിന്നും മടങ്ങിയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രവാസി ഡിവിഡന്റ് പദ്ധതിയിലൂടെ നിക്ഷേപകരുടെ ജീവിതാവസാനം വരെ 10 ശതമാനം ഡിവിഡന്റ് ഉറപ്പാക്കുന്നുണ്ട്. ഡിവിഡന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. നിക്ഷേപകൻ മരണപ്പെട്ടാൽ പങ്കാളിക്കും പ്രതിമാസം ഡിവിഡന്റ് ലഭിക്കുന്നതാണ്. നിക്ഷേപകന്റെയും ജീവിതപങ്കാളിയുടെയും കാലശേഷം നിക്ഷേപത്തുകയും ആദ്യമൂന്നുവർഷത്തെ ഡിവിഡന്റും അനന്തരാവകാശിക്ക് കൈമാറാനാണ് ബില്ലിൽ വ്യവസ്ഥ

ചെയ്തിട്ടുള്ളത്. പ്രവാസി കമ്മീഷനിൽ ജീവനക്കാരുടെ 25 തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം പരിഗണനയിലാണ്. ഈ വർഷം 14 ബാങ്കുകളെക്കൂടി NDPREM-ൽ ഉൾപ്പെടുത്താനും 550 പേർക്ക് ലോൺ കൊടുക്കാനും 'സാന്ത്വനം' പദ്ധതിക്കായി 25 കോടി രൂപ വകയിരുത്താനും പ്രവാസികും കുടുംബാംഗങ്ങൾക്കും ഒമാൻ എയർലൈൻസിൽ 7 ശതമാനം ഇളവ് ലഭിക്കുന്ന പദ്ധതി ആരംഭിക്കാനും ഐ.എം.എ.-യുമായി സഹകരിച്ച് എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സ് സൗദി ആരോഗ്യമന്ത്രാലയവുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശ തൊഴിൽതട്ടിപ്പ് നടത്തുന്ന കമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലോക കേരളസഭയിൽനിന്ന് പിന്മാറാനുള്ള പ്രതിപക്ഷ നിലപാട് പുനഃപരിശോധിക്കണം. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

157, 158, 159, 164, 165, 166, 167, 168, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

174, 175, 176, 177, 179, 180, 182, 183, 184, 187, 188, 194, 200, 205 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

205-ാം നമ്പർ ഭേദഗതി 34-നെതിരെ 52 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികളും സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

206, 207, 208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

208. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14-ൽ " (1955 ലെ XII-ാം ആക്റ്റ്)" എന്നതിന് പകരം"(1955 ലെ 12-ാം ആക്റ്റ്)" എന്ന് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

209, 210, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൂന്നാം വകുപ്പിൽ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8 എ വകുപ്പിൽ "സ്വീകരിക്കുന്നതിനും" എന്ന വാക്കിന് പകരം "സ്വീകരിച്ച്," എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: റൂൾ 91(4) പ്രകാരം ക്ലോസ് ചെയ്ത വകുപ്പ് റീ-ഓപ്പൺ ചെയ്ത് ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാൻ സാധിക്കുകയില്ല.

മി. സ്പീക്കർ: ക്ലോസ് ചെയ്തതിനുശേഷം വേണമെങ്കിൽ റീ-ഓപ്പൺ ചെയ്ത് ഭേദഗതി കൊണ്ടുവരാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം 3-ാം വകുപ്പ് റീ-ഓപ്പൺ ചെയ്ത് സഭയുടെ അനുമതിയോടെയാണ് ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് അപാകതയുണ്ടെങ്കിൽ പരിശോധിച്ച് റൂൾ ചെയ്യുന്നതാണ്.

മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

105, 106, 107, 108, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 149, 150, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): പ്രവാസി കേരളീയരുടെ

ക്ഷേമ (ഭേദഗതി) ബിൽ സ്വീകാര്യമാണ്. സാമ്പത്തികമാന്ദ്യംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനും കേന്ദ്രസഹായം ആവശ്യമാണ്. ലോക കേരളസഭയുമായി സഹകരിക്കേണ്ടതില്ലെന്നാണ് യു.ഡി.എഫ്. തീരുമാനം.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VII ക്രമപ്രശ്നം

<u>വഖഫ് ബോർഡിന്റെ റെഗുലേഷനിൽ വരുത്തിയ ഭേദഗതി</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: വഖഫ് ആക്ടിലെ സെക്ഷൻ 110 പ്രകാരമുള്ള റെഗുലേഷനിൽ സർക്കാരിന് മാറ്റം വരുത്താൻ അവകാശമില്ലെന്നിരിക്കെ 29.10.2019-ന് സഭയിൽ സമർപ്പിച്ചിട്ടുള്ള വഖഫ് ബോർഡ് റെഗുലേഷനിൽ വിരമിക്കൽ പ്രായം സംബന്ധിച്ചും ജീവനക്കാർക്ക് കോണ്ടക്ട് റൂൾസ് ബാധകമാക്കിയും മാറ്റം വരുത്തിയിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്നതും ആക്ടുപ്രകാരം അധികാരമില്ലാത്തതുമായ കാര്യത്തിൽ മാറ്റം വരുത്തി സഭയുടെ മേശപ്പുറത്തുവച്ചത് ക്രമപ്രകാരമല്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): വഖഫ് ബോർഡ് സമർപ്പിച്ച റെഗുലേഷന് വിരുദ്ധമായി യാതൊരു നിർദ്ദേശവും ഉൾപ്പെടുത്താതെ മുൻ സർക്കാർ പ്രസിദ്ധീകരിച്ച വിജ്ഞാപനം മേശപ്പുറത്തുവയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽനിന്ന് യാതൊരുവിധ നിർദ്ദേശവും ലഭ്യമാകാത്തതിനാൽ കേരള വഖഫ് ബോർഡ് റെഗുലേഷൻസ്, 2016 ക്രമപ്രകാരമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: മൂലനിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നും ബോർഡ് തയ്യാറാക്കി സമർപ്പിച്ച കരട് റെഗുലേഷൻസിൽ വ്യക്തതയ്ക്കുവേണ്ടി സർക്കാരിന്റെ ഭരണ വകുപ്പുകൾ നിർദ്ദേശിച്ചതും അവശ്യം വേണ്ടതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചാണ് പ്രസിദ്ധീകരിച്ചതെന്നുമാണ് വകുപ്പുമന്ത്രി വിശദീകരിച്ചത്. റെഗുലേഷൻസ് തയ്യാറാക്കാൻ ബോർഡിനുള്ള അധികാരം അന്തിമമല്ലെന്നും സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി മാത്രമേ അപ്രകാരം റെഗുലേഷൻ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ എന്നുമാണ്

മൂലനിയമത്തിലെ വകുപ്പ് 110-ലെ വ്യവസ്ഥ. ഇവിടെ പ്രസിദ്ധീകരിക്കപ്പെട്ട റെഗുലേഷനിലെ ഖണ്ഡിക (11)-ൽ ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥയിൽ സർക്കാർ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ളത് വ്യക്തതയ്ക്കുവേണ്ടിയാണെന്നും മൂലനിയമത്തിലെ വകുപ്പ് 110 സർക്കാരിന് അധികാരം നൽകുന്നതായും കാണുന്നു. ആകയാൽ ഇക്കാര്യത്തിൽ നിയമവിരുദ്ധമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് പറയാനാകില്ല. 2016 ഫെബ്രുവരി 1-ാം തീയതി വിജ്ഞാപനം ചെയ്ത റെഗുലേഷൻ മൂന്നുവർഷത്തിലധികം കാലതാമസം വരുത്തി 04-07-2019-നാണ് ആദ്യമായി സഭയുടെ മേശപ്പുറത്തുവച്ചത്. ആ സമയത്ത് ഹാജരാക്കിയ കാലതാമസ പത്രികയിൽ "കാലതാമസം മനഃപൂർവ്വമല്ലെന്നും ഭരണപരമായ കാരണങ്ങളാലാണ് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത റെഗുലേഷൻസ് സഭയിൽ സമർപ്പിക്കാൻ കഴിയാതെ പോയതെന്നുമാണ്" പറഞ്ഞിരിക്കുന്നത്. ഇത്തരം വിശദീകരണങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകളിൽ അനിശ്ചിതമായ കാലതാമസം വരുത്തുന്നത് സഭയോടുള്ള അനാദരവായിക്കണ്ട് തുടർനടപടി സ്വീകരിക്കേണ്ടിവരുമെന്ന് ഓർമ്മിപ്പിക്കുകയാണ്. മേശപ്പുറത്തുവച്ച

കടലാസുകൾ സംബന്ധിച്ച സമിതി ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതാണ്. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലബാറിലെ ക്ഷേത്രങ്ങൾക്ക് കോമൺ സ്കീമും ഫണ്ടും നടപ്പാക്കുകയും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാർക്ക് സമാനമായി പരിഷ്കരിക്കുകയും സർവ്വീസ് പെൻഷൻ നടപ്പാക്കുകയും ജീവനക്കാർ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതുസംബന്ധിച്ച് പരിശോധിക്കുകയും ചെയ്യണം. കെ. ജയകുമാർ കമ്മിറ്റി റിപ്പോർട്ടിലെ

ശിപാർശകൾ നടപ്പിലാക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാതെ ബോർഡിന്റെ ഭരണസമിതിയിലുള്ള അംഗങ്ങളുടെ കാലാവധി ഒരു തവണകൂടി നീട്ടിക്കൊടുക്കാൻ മാത്രം കൊണ്ടുവന്ന ബില്ലാണിത്. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും വിശ്വാസികളുടെ താല്പര്യവും സംരക്ഷിക്കപ്പെടണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിലവിലുള്ള നിയമം ഫലപ്രദമായി നടപ്പാക്കാത്തതുമൂലം മലബാറിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുത്താൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ക്ഷേത്ര ജീവനക്കാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനോ ക്ഷേത്ര സംരക്ഷണവും പുനരുദ്ധാരണവും

നടപ്പാക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല.

ശ്രീ. രാജു എബ്രഹാമിനുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ദേവസ്വത്തിന് അർഹതപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശദായം പിരിച്ചെടുക്കുന്നതിനും ജീർണ്ണോദ്ധാരണ ഗ്രാന്റ് വിതരണം ചെയ്യുന്നതിനും ക്ഷേത്ര കലാ അക്കാദമി രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കും നൽകിവരുന്ന ധനസഹായം 1,500 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന തീരുമാനം പ്രശംസനീയമാണ്. വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസികളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

(<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): 1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 7 (എ) 1-ാം ഉപവകുപ്പുപ്രകാരം മലബാർ ദേവസ്വം ബോർഡ് അംഗത്തിന്റെ കാലാവധി രണ്ട് വർഷമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകളനുസരിച്ച് മലബാർ പ്രദേശത്തെ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. 2008-ലെ ഭേദഗതി പ്രകാരം പ്രസ്തുത ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സർക്കാരിൽനിന്നും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാക്കി. കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചെടുക്കുന്നതിന്റെ ഭാഗമായുള്ള പ്രാഥമിക പരിശോധനയിലൂടെ 1123 ക്ഷേത്രങ്ങളുടെ കയ്യേറിയ ഭൂമി കണ്ടെത്തുകയുണ്ടായി. മലബാർ ദേവസ്വം ബോർഡിലും മറ്റ് ക്ഷേത്രങ്ങളിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവനക്കാർക്ക് ഏകീകൃത ശമ്പളം നൽകുന്നതിനും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി നിയമിച്ച ശ്രീ. ഗോപാലകൃഷ്ണൻ ചെയർമാനായ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും കരട് ബിൽ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലുമാണ്. 20 ലക്ഷം രൂപയോ

അതിൽ കുറവോ വാർഷിക വരുമാനമുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളവിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ശാന്തിമാരായി നിയമിച്ചതും മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. കൽപ്പാത്തി രഥോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങളൊരുക്കുന്നതിനായി കൂടുതൽ തുക വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് സമാനമായ നിയമനിർമ്മാണമാണ് ഈ ബില്ലിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

149, 152, 164, 168, 169, 180, 181, 182, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

195-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

111, 114, 118, 123, 134, 136, 143, 145, 146, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 28-നെതിരെ 68 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി

(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്തുകളും നഗരസഭകളും ദീർഘകാല വികസന ലക്ഷ്യങ്ങൾ തയ്യാറാക്കി അതിനനുസരിച്ചുള്ള വിഭവ സമാഹരണമാണ് നടത്തിവരുന്നത്. സാമ്പത്തിക വികസനം, സാമൂഹ്യനീതി എന്നീ മേഖലകളിൽ ഭരണഘടന പ്രകാരമുള്ള ആസൂത്രണം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യത്യസ്തങ്ങളായ പ്രാധാന്യമുണ്ട്. ഇതിലെ ജീവനക്കാരെ മുഴുവൻ ഭരണതലത്തിൽ ഒരു കുടക്കീഴിലാക്കുകവഴി അധികാര കേന്ദ്രീകരണത്തിനാണ് ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. മുനിസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ വകുപ്പാക്കി മാറ്റുമെന്ന് പറയുമ്പോഴും സെക്രട്ടറിക്കും ജീവനക്കാർക്കും രണ്ടുതരത്തിലുള്ള ശമ്പള വ്യവസ്ഥയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായും മുനിസിപ്പാലിറ്റികളെ ഗ്രാമപഞ്ചായത്തുകളായും മാറ്റുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കണം. പഞ്ചായത്തുകളിൽ വികേന്ദ്രീകൃതവും നഗരങ്ങളിൽ

കേന്ദ്രീകൃതവുമായ മാലിന്യസംസ്കരണ സംവിധാനം സാധ്യമാക്കണം.

ശ്രീ. അനിൽ അക്കര: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന രീതി ഒഴിവാക്കണം. ബിൽ അവതരണത്തിലൂടെ നഗരസഭകളുടെ ഭൂമി സർക്കാർ തിരിച്ചെടുക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. പദ്ധതികൾ ഏകോപനത്തോടെ നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. യാതൊരു പഠനവും നടത്താതെ വകുപ്പുകളെ സംയോജിപ്പിക്കാനുള്ള ഭേദഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതാണ്. വിനോദ നികുതിയും പരസ്യ നികുതിയും പിടിച്ചെടുത്തും ഫണ്ട് വെട്ടിക്കുറച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബുദ്ധിമുട്ടിലാക്കുകയാണ്. ശുചീകരണത്തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും മറ്റാനുകൂല്യങ്ങൾ അനുവദിക്കുന്നതിനും മാലിന്യസംസ്കരണത്തിന് കരാറെടുത്ത സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സർക്കാർ തയ്യാറാകണം. എല്ലാ വാർഡുകളിലും ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഇ-വേസ്റ്റുകളുടെ നിർമ്മാർജ്ജനം വില്പന നടത്തുന്ന സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാക്കി

നിയമനിർമ്മാണം കൊണ്ടുവരുന്നതിനും സംസ്ഥാനതലത്തിൽ മാലിന്യസംസ്കരണ അതോറിറ്റി രൂപീകരിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. ടി. ജെ. വിനോദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വിവിധ വകുപ്പുകളുടെ സംയോജനം ആശയക്കുഴപ്പത്തിനും സങ്കീർണ്ണതകൾക്കും കാരണമാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഏറ്റെടുത്ത് മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.ക്കുവേണ്ടി ശ്രീമതി ഇ. എസ്. ബിജിമോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മാലിന്യ സംസ്കരണം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുകയും പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള യൂസർ ഫീ നൽകാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. നിയമം കർശനമായി നടപ്പാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകണം.

പഞ്ചായത്തിന്റെ ആസ്തികൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. മാലിന്യ സംസ്കരണ യൂണിറ്റ് ആരംഭിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ഭൂമി വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചും വരുമാനമില്ലാത്ത പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിനെക്കുറിച്ചും ആലോചിക്കണം. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനും എം.എൻ.ആർ.ഇ.ജി.എസ്.-ൽ ഉൾപ്പെടുത്തി വീടുകളുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നഗരസഭകളിൽ ഹരിത കർമ്മസേനകൾ രൂപീകരിച്ചതും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഏർപ്പെടുത്തിയതും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിച്ചതും വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. ജലാശയങ്ങൾ മലിനപ്പെടുത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം. വകുപ്പുകളുടെ

ഏകീകരണത്തിലൂടെ ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അർഹമായ പ്രൊമോഷനുകൾ ഉറപ്പാക്കാനും കഴിയുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരള മുനിസിപ്പാലിറ്റി ആക്ടിലെ 48, 222, 224, 326 വകുപ്പുകളുടെ ഭേദഗതികൾക്കായാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന സാഹചര്യത്തിലാണ് ഒരു പൊതു സർവ്വീസ് രൂപീകരിക്കാൻ തീരുമാനിച്ചത്. ചട്ടങ്ങളുടെ അപാകതകൾ പരിശോധിക്കുന്നതിനും വകുപ്പുതല അദ്ധ്യക്ഷൻമാരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനുമായി നിയോഗിച്ച മൂന്നംഗ സമിതിയുടെ തീരുമാനം ലഭിക്കുന്നമുറയ്ക്ക് നിലവിൽ വകുപ്പുകൾ ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾക്ക് തടസ്സങ്ങളുണ്ടാകാതെയും ജീവനക്കാരുടെ അവസരം നിഷേധിക്കാതെയും വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതാണ്. മുനിസിപ്പൽ കോമൺ സർവ്വീസിലുള്ള ഉദ്യോഗസ്ഥരെ സർക്കാർ ഉദ്യോഗസ്ഥരായി പരിവർത്തനപ്പെടുത്തിക്കൊണ്ടുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് കോമൺ സർവ്വീസ് ജീവനക്കാരുടെ ഭരണപരമായ നിയന്ത്രണം

നഗരകാര്യ വകുപ്പിന്റെ കീഴിലും പ്രവർത്തനം സംബന്ധിച്ച നിയന്ത്രണം തദ്ദേശ സ്ഥാപനത്തിന്റെ കീഴിലുമാകുന്ന രീതിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഏഴ് ജില്ലകളിലാണ് കേന്ദ്രീകൃത മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. തർക്കമില്ലാത്ത സ്ഥലങ്ങളിൽ പ്ലാന്റ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുകയും സ്ഥലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്താനുള്ള ശ്രമത്തിലുമാണ്. തൃശ്ശൂർ ജില്ലയിൽ മാലിന്യ സംസ്കരണത്തിനായി 15 ഏക്കർ സ്ഥലം നൽകാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. 751 പഞ്ചായത്തുകളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. നിയോജകമണ്ഡലത്തിന്റെ പുനർവിഭജനത്തിന് ഡീലിമിറ്റേഷൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഭവനരഹിതരായ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കൃഷ്ണൻനായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ വ്യക്തിഗത കാര്യങ്ങൾ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ലെങ്കിലും ഒരു കമ്മ്യൂണിറ്റിയുടെ പ്രശ്നങ്ങൾ

ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

156, 157, 168, 170, 172, 173, 176, 183, 185, 186, 191, 192, 193, 197, 199, 200, 201, 207, 208, 209, 210, 212, 213, 214, 217, 220, 223 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

213. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 48 (3 എ)-ൽ "സർക്കാരിനു" എന്ന വാക്കിന് പകരം "സർക്കാരിന്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

227, 235, 239, 240, 241, 244, 245, 257, 259, 260, 261, 262, 263 264, 265, 267, 268, 271, 273, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

277, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

286, 287, 288, 290, 297, 298, 302, 303, 305, 318, 320, 335, 336,

337 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

339-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

111, 112, 117, 127, 128, 133, 134, 135, 142, 145, 147, 154, 155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: 12-11-2019-ന് ലോക പ്രമേഹദിനത്തോടനുബന്ധിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ തുടർച്ചയായി ഇന്ന് 5-എ കോൺഫറൻസ് ഹാളിൽ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്.

സഭ രാത്രി 7.02-ന് പിരിഞ്ഞു.

.....................